"രേണോഷ- മായുഷ"

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - 2026 ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സബ്സിഡി വിപണികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും പ്രസ്തുത വിപണി നടത്തിപ്പിനായി മുൻകൂർ തുക അനുവദിച്ചും ഉത്തരവായ 31.07.2026 ലെ സ.ഉ.(സാധാ)നം.309/2026/കോ-ഓപ് ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

സഹകരണ(എ)വകുപ്പ്

സ.ഉ.(സാധാ) നം.341/2026/Co-Op തീയതി,തിരുവനന്തപുരം, 22-08-2026

പരാമർശം:- 1. സ.ഉ.(സാധാ) നം.309/2026/കോ-ഓപ്; തീയതി : 31.07.2026

2. കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടറുടെ 04/08/2026 തീയതിയിലെ CFED/PhD/ONAM SAHAKARANA VIPANI/215/2026-27 നമ്പർ കത്ത്.

3. സ.ഉ.(സാധാ)നം.200/2026/F&CS; തീയതി: 16.08.2026

ഉത്തരവ്

2026 വർഷത്തെ ഓണത്തോടനുബന്ധിച്ച് 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടെ വിൽപന നടത്തുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(കൈ)നം.3/2024/F&CS തീയതി: 16.02.2024 ഉത്തരവിലെ വിലനിലവാരവും അളവ് തൂക്കവും മാനദണ്ഡമാക്കി 16.08.2026 മുതൽ 25.08.2026 വരെ 2000 താൽക്കാലിക വിപണികൾ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. സബ്സിഡി വെളിച്ചെണ്ണ വില നിലവിൽ 500 മി.ലിറ്ററിന് 140/- രൂപയാണെന്നും ആയത് പൊതു വിപണിയിലെ നോൺ സബ്സിഡി വെളിച്ചെണ്ണ വിലയെക്കാൾ ഉയർന്ന വിലയാണെന്നും ഉത്സവകാല വിപണിയിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് വേണ്ടി കൺസ്യൂമർഫെഡ് ആരംഭിക്കുന്ന ഓണം സബ്സിഡി വിപണിയിൽ വെളിച്ചെണ്ണ വില ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ചേർന്ന് പുതുക്കി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം (2) പ്രകാരം കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിൽ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം (3) പ്രകാരം സപ്ലൈകോ വില്പനശാലകൾ വഴി സബ്സിഡി നിരക്കിൽ വില്പന നടത്തി വരുന്ന ശബരി വെളിച്ചെണ്ണയുടെ **സബ്സിഡി വില്പന വില അര ലിറ്ററിന് 140/- രൂപ എന്നത് അര ലിറ്ററിന് 110/- രൂപ** എന്ന് പരിഷ്കരിച്ചുത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വെളിച്ചെണ്ണയുടെ സബ്സിഡി വില്പന വില അര ലിറ്ററിന് 140/- രൂപ എന്നത് അര ലിറ്ററിന്

110/- രൂപ എന്ന് പരിഷ്കരിച്ചുകൊണ്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (3) ഉത്തരവ് മാനദണ്ഡമാക്കേണ്ടതാണ് എന്ന് ചേർത്ത് പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം (1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Digitally signed by Jithesh B K
Date: 22-08-2026 14:18:10

സെക്ഷൻ ഓഫീസർ

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, കൊച്ചി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ {(ഓഡിറ്റ്, എ&ഇ)}, തിരുവനന്തപുരം
4. സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5. ഭക്ഷ്യ പൊതുവിതരണ വകുപ്പ്
6. ധനവകുപ്പ് {U.O.(F) No.3578412/ Agri-C1/133/2026-FIN}
7. വെബ് & ന്യൂ മീഡിയ
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (എ3/110/2026/സഹ)

പകർപ്പ്:-

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പേർസണൽ അസിസ്റ്റന്റിന്